തിനും വേണ്ടി ഡി.ഐ.ജി (ഇന്റലിജൻസ്)ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരഭിച്ചു.

(ബി) മനോജ് (സി.പി.എം) കൃഷ്ണൻ നായർ (സി.പി.എം) കുഞ്ഞിക്കണ്ണൻ (സി.പി.എം) കനകൻ സി.പി.എം. (അനുഭാവി) പ്രകാശൻ (ബി.ജെ.പി) ബാലൻ (ബി.ജെ.പി) എന്നീ ആറ് പേർ വധിക്കപ്പെട്ടു. 34 പോലീസുകാരുൾപ്പെടെ 65 പേർക്ക് പരിക്കുപറ്റി.

(സി) പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരുന്നു. കണ്ണൂർ ജില്ലാ ആംഡ് റിസർവ്വിലെ എച്ച്.സി. 4029 വാസുദേവൻ നമ്പൂതിരി പി.സി. 3624 നജീം എന്നിവരെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരായി നിയമിച്ചിരുന്നു. കൂടാതെ 3 പോലീസ് കോൺസ്റ്റബിൾമാരടങ്ങിയ സായുധ വിഭാഗത്തെ 28.8.99-ന് ശേഷം ജയകൃഷ്ണന്റെ മൊകേരിയിലെ വീട്ടിലും നിയോഗിച്ചിരുന്നു.

(ഡി) ഗൺമാന്റെ റിവോൾവർ കാണുന്നില്ല എന്ന മൊഴിയെ തുടർന്ന് ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്.

(ഇ) കേസന്വേഷണം നടന്നു വരികയാണ്.

(എഫ്) മട്ടന്നൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ 21-ാം മൈൽ ചാവശ്ശേരി, കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിലെ സെട്രൽ പോയിലൂർ (രണ്ടുതവണ) കൂത്തുപറമ്പ് സ്റ്റേഷൻ അതിർത്തിയിലെ പാലപ്പറമ്പ്, പാനൂരിലെ കെ.സി.മുക്ക് എന്നിവിടങ്ങളിൽ വെടിവയ്പ്പ് നടന്നിട്ടുണ്ട്. ലാത്തിചാർജ് നടന്നിട്ടില്ല.

(ജി) ആർക്കും നഷ്ടപരിഹാരം കൊടുത്തിട്ടില്ല.

കനകരാജന്റെ മരണം

54 (765) <u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ മാസം കണ്ണൂരിൽ കൊലചെയ്യപ്പെട്ട കനകരാജന്റെ കൊലപാതകികളെ അറസ്റ്റു ചെയ്യുന്നതിന് പോലീസ് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേരെ ഇതിനകം അറസ്റ്റു ചെയ്തിട്ടുണ്ടെന്നും ഇവർക്കെതിരെ എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ കൊലപാതകവുമായി ബന്ധപ്പെട്ടുള്ള പോലീസ് തെരച്ചിൽ ഊർജ്ജിതപ്പെടുത്തുന്നതിനും, കൊലപാതകികളെ അറസ്റ്റ് ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കനകരാജന്റെ കൊലപാതകത്തോടനുബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 254/99 നമ്പർ കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി അന്വേഷിച്ചുവരികയും ചെയ്യുന്നു. പ്രതികളെ അറസ്റ്റു ചെയ്യുന്നതിനായി സംശയമുള്ളവരെപ്പറ്റി വിശദമായ അന്വേഷണവും തിരച്ചിലും നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)-(സി) സി.ബി.സി.ഐ.ഡി വിഭാഗം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ് നമ്പർ 3 ഊർജ്ജിതമായ അന്വേഷണവും തിരച്ചിലും നടത്തിവരുന്നു.

ഷാജിയുടെ സംശയകരമായ മരണം

55 (766) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ഒക്ടോബർ മാസം 27-ാം തീയതി കാസർഗോഡ് അടുക്കത്ത് ബയൽ കൊച്ചേൽ റെയിൽവേ ട്രാക്കിൽ സംശയാസ്പദമായ സാഹചര്യത്തിൽ മരിച്ചു കിടന്ന ഷാജിയുടെ (തൊക്കും കരവീട്, പേരയം, പച്ച പാലോട്)മരണം സംബന്ധിച്ച് എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയാണ് ഈ കേസ് അന്വേഷിക്കുന്നത്;

(സി) കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ക്രൈം നമ്പർ എത്ര;

(ഡി) എത്രപേരെ ഇതിനകം ചോദ്യം ചെയ്തു; ആരെയെല്ലാം;

(ഇ) ഈ കേസ് കൊലപാതകമാണെന്ന് തെളിഞ്ഞിട്ടുണ്ടോ? എങ്കിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ;

(എഫ്) ഈ കേസിന്റെ ഇപ്പോഴത്തെ അന്വേഷണ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്രൈം ബ്രാഞ്ച്

(സി) കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം:599/97 കേസ് ക്രൈം ബ്രാഞ്ച് 174/സി.ആർ/98 ആയി റീ നമ്പർ ചെയ്തിട്ടുണ്ട്.

(ഡി) 55 പേരെ ചോദ്യം ചെയ്തു. പേരു വിവരം അനുബന്ധമായി ചേർക്കുന്നു.†

(ഇ) കൊലപാതകമല്ല എന്ന് തെളിഞ്ഞിട്ടുണ്ട്.

(എഫ്) ഈ കേസ് ആത്മഹത്യയാണെന്നത് തീർച്ച. റിപ്പോർട്ട് 15.10.99-ൽ കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്.

സതീഷ്കുമാറിന്റെ അച്ഛനെതിരെയുള്ള കേസ്

56 (767) ശ്രീ. എം. മുരളി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാടിന് സമീപം പുള്ളിപ്പാട് സതീഷ് കുമാറിന്റെ അച്ഛനെതിരെ വ്യാജമദ്യം കൈവശം വച്ചതിനോ കടത്തിയതിനോ വിൽപ്പന നടത്തിയതിനോ കേസ് എടുത്തിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly